# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :*397 | 20-03-2018 ൽ മറുപടിയ്ക്ക്

## നെൽകൃഷി ലാഭകരമാക്കുന്നതിനുള്ള പദ്ധതികൾ

**ചോദ്യം**

ശ്രീ.ആർ. രാജേഷ്
,, കെ. ബാബു
ശ്രീമതി.വീണാ ജോർജ്ജ്
ശ്രീ.ബി.ഡി. ദേവസ്സി

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെൽകൃഷി ലാഭകരമല്ലാത്തതിനാൽ കൃഷി ചെയ്യുന്ന ആകെ സ്ഥല വിസ്തൃതി ഏഴര ശതമാനം മാത്രമായി ചുരുങ്ങിയത് കണക്കിലെടുത്ത് നെൽകൃഷി പുനരുജ്ജീവനത്തിനായി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ആയതിന്റെ ഫലപ്രാപ്തി അറിയിക്കാമോ; | (എ) | ഉണ്ട്. സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന സമഗ്ര നെൽകൃഷി വികസന പദ്ധതിയുടേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുടേയും ഏകോപനത്തോടെയുള്ള ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങളും നെൽകൃഷിയെ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. ധാരാളം ചെറുപ്പക്കാരും പ്രൊഫഷണലുകളും, സംഘടനകളും, ഗ്രൂപ്പുകളും കൃഷിയിലേയ്ക്ക് തിരിച്ചു വന്നിട്ടുണ്ട്. സംസ്ഥാന സർക്കാർ നടത്തി വരുന്ന ശക്തമായ ഇടപെടലിലൂടെ നെൽകൃഷിയുടെ വിസ്തൃതി 196870 ഹെക്ടറിൽ നിന്നും 220449 ഹെക്ടർ ആയി വർദ്ധിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് നെല്ലിന്റെ ഉല്പാദന ക്ഷമത താരതമ്യേന വളരെ കുറവായിരിക്കുന്നത് വർദ്ധിപ്പിക്കാൻ പ്രത്യേക പദ്ധതിയുണ്ടോ: വ്യക്തമാക്കുമോ; | (ബി) | അടുത്ത അഞ്ച് വർഷംകൊണ്ട് നെൽകൃഷിയുടെ വിസ്തൃതി 3 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുവാനാണ് സർക്കാർ ലക്ഷ്യമിട്ടുന്നത്. ഇതിന്റെ ഭാഗമായി 2016 ചിങ്ങം 1 മുതൽ 2017 ചിങ്ങം 1 വരെ നെൽ വർഷമായി സർക്കാർ ആചരിച്ചിരുന്നു. ഇതിന്റെ ഭാഗമായി നെൽകൃഷി വിസ്തൃതി വർദ്ധിപ്പിക്കുന്നതിനായി നിലവിൽ നടപ്പിലാക്കിവരുന്ന നെൽകൃഷി വികസന പദ്ധതികൾക്കുപരിയായി 1500 ഹെക്ടർ സ്ഥലത്ത് ഒരുപ്പൂ കൃഷി ഇരിപ്പൂ നിലമാക്കാനും 3633 ഹെക്ടർ സ്ഥലത്ത് (കോൺട്രാക്ട് ഫാമിങ്) തരിശുനില നെൽകൃഷിയും 1200 ലക്ഷം രൂപയുടെ ബ്ലോക്ക് തല പദ്ധതികൾക്കായുള്ള സഹായം, നെൽവർഷത്തോടനുബന്ധിച്ചുള്ള പുതിയ |

| | | | |
|---|---|---|---|
| | | | പദ്ധതികൾ 262 ലക്ഷം രൂപയും, നഗര പ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രോജക്ടടിസ്ഥാനത്തിൽ നെൽകൃഷി നടപ്പിലാക്കുന്നതിനായി 100 ലക്ഷം രൂപയുള്ള പദ്ധതികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രാദേശികമായ നെല്ലിനങ്ങളുടെ പ്രത്യേക കാർഷിക മേഖലയായി വയനാട് ജില്ലയെ തെരെഞ്ഞെടുത്ത് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ നെല്ലിന്റെ ഉദ്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ വേണ്ടി ഉദ്പാദനക്ഷമത കൂടുതലുള്ള പുതിയ വിത്തിനങ്ങൾ പുറത്തിറക്കുവാനും, ശാസ്ത്രീയ പരിപാലന രീതി വ്യാപിപ്പിക്കാനുമുള്ള നടപടികൾ കേരള കാർഷിക സർവ്വകലാശാലയും കൃഷി വകുപ്പും ചേർന്ന് എടുത്തു വരുന്നുണ്ട്. |
| (സി) | നെൽകൃഷിക്ക് നിലവിൽ എത്ര രൂപയാണ് സബ്സിഡിയായി നൽകി വരുന്നത്; ഈ തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | സമഗ്ര നെൽ കൃഷി വികസന പദ്ധതി പ്രകാരം നെൽകൃഷിക്ക് നൽകുന്ന സബ്സിഡി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

* **സുസ്ഥിര നെൽകൃഷി**

സമഗ്ര നെൽകൃഷി വികസന പദ്ധതി (സുസ്ഥിര നെൽകൃഷി വികസനം) പ്രകാരം ഹെക്ടറൊന്നിന് ഉൽപ്പാദനോപാധികളുടെ ചെലവിനായി 1500/- രൂപ സബ്സിഡി നിരക്കിൽ 180000 ഹെക്ടർ സ്ഥലത്തേക്ക് 2700 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

* **പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം -**

പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല, രക്തശാലി, ബസ്മതി) വികസനത്തിനായി ഹെക്ടറിന് 10000/- രൂപ സബ്സിഡി നിരക്കിൽ 1200 ഹെക്ടറിന് (ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ) 120 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

* **കരനെൽകൃഷി വികസനം-**

സംസ്ഥാനത്ത് കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി 2500 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 13600/- രൂപ സബ്സിഡി) ആകെ 350 ലക്ഷം രൂപ നൽകി പദ്ധതി നടപ്പിലാക്കി വരുന്നു.

* **തരിശുനില കൃഷി**

നെൽകൃഷിയിലേക്ക് മുഴുവൻ തരിശുനിലങ്ങളെയും മടക്കി കൊണ്ട് വരുന്നതിനു വേണ്ടി തരിശുനില കൃഷിക്ക് കർഷകനും ഭൂവുടമകൾക്കും സഹായധനമായി ഹെക്ടറൊന്നിനു ഒന്നാം വർഷത്തെ കൃഷിക്ക് 30000 രൂപയും രണ്ടാം വർഷം 7000 രൂപയും മൂന്നാം വർഷം 5000 രൂപയും നൽകുന്നു.

* **ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി**

ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിനായി ഹെക്ടറൊന്നിനു 10000 രൂപ നിരക്കിൽ 1500 ഹെക്ടറിന് ധനസഹായം നൽകുന്നുണ്ട്.

ഇതിനു പുറമെ നഗര പ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റും നെൽകൃഷി ചെയ്യുന്നതിന് പദ്ധതിയധിഷ്ഠിതമായി ധനസഹായം നൽകുന്നുണ്ട്.

നെൽ വർഷാചരണത്തിന്റെ ഭാഗമായി പദ്ധതിയുടെ മറ്റു ഘടകങ്ങൾക്ക് പുറമെ ബ്ലോക്ക് തലത്തിലുള്ള സംയോജനം, പരിസ്ഥിതി സൗഹൃദ സുസ്ഥിര ആശയങ്ങൾ നെൽകൃഷി മേഖലയിൽ നടപ്പാക്കൽ എന്നിവയ്ക്ക് ഊന്നൽ നൽകിയിരുന്നു. നെല്ലുത്പാദനം, നെൽകൃഷിയും വിദ്യാഭ്യാസവും, നെൽകൃഷിയും തൊഴിൽ ലഭ്യതയും, നെൽകൃഷിയും യുവാക്കളും, നെൽകൃഷിയിലെ നൂതന സങ്കേതങ്ങൾ, നെൽകൃഷിയും പരിസ്ഥിതിയും, സംസ്കരണവും വിപണനവും, നെൽകൃഷിയും ടൂറിസവും, നെൽകൃഷിയും കായികവിനോദങ്ങളും, നെൽകൃഷിയും ആയുർവേദവും, നെൽകൃഷി മേഖലയുമായി ബന്ധപ്പെട്ട കലയും സംസ്കാരവും എന്നീ മേഖലകൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് പദ്ധതികൾ തയാറാക്കി നടപ്പാക്കുന്നതിനും പദ്ധതിയധിഷ്ഠിതമായി ധനസഹായം നൽകുന്നുണ്ട്

നെൽകൃഷി മേഖലയിൽ കേന്ദ്ര /സംസ്ഥാന/ തദ്ദേശസ്വയംഭരണ സ്ഥാപന ആനുകൂല്യങ്ങൾ സംയോജിപ്പിച്ച് ഏകീകരിച്ച രീതിയിൽ താഴെത്തട്ടിൽ നടപ്പാക്കുന്നതിനായും ഒന്നിലധികം പഞ്ചായത്തുകളിലായി വരുന്ന പാടശേഖരങ്ങളിൽ പൊതു ഞാറ്റടി, തോട് നവീകരണം, കൊയ്ത്തു മെതി യന്ത്രങ്ങൾ ഉറപ്പാക്കൽ, മില്ലുകൾ

സ്ഥാപിക്കൽ. മറ്റു സംഭരണ സംസ്കരണ വിപണന പ്രവർത്തനങ്ങൾ എന്നിവക്കുമായും പദ്ധതിയധിഷ്ഠിതമായി ധനസഹായം നൽകുന്നുണ്ട്.

പാടശേഖര സമിതികൾ സഹകരണ സ്ഥാപനങ്ങൾ, അംഗീകൃത ഗ്രൂപ്പുകൾ, വ്യക്തികൾ എന്നിവക്ക് റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനായി പദ്ധതിയധിഷ്ഠിതമായി ധനസഹായം നൽകും.

ഇതിനു പുറമെ നെല്ലുല്പാദന ബോണസ്സായി ഹെക്ടറിനു 1000 രൂപയും, നെൽകൃഷിക്ക് പരിധിയില്ലാതെയും മറ്റു വിളകൾക്ക് 2 ഹെക്ടർ വരെയും ജലസേചനത്തിനായി സൗജന്യ വൈദ്യുതിയും നൽകുന്നു.

സെക്ഷൻ ഓഫീസർ